LIBRARY ARCHIVES Kerala Legislative Assembly

മീനച്ചിലാറിന്റെ കൈവഴികൾ സംരക്ഷിക്കുന്നതിന് നടപടി

160(5607) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിലെ മീനച്ചിലാറ്റിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികൾ രേഖകളിലെ അളവുകൾ പ്രകാരം വീതിയും ആഴവും കൂട്ടി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പാലാ നിയോജകമണ്ഡലത്തിലെ മീനച്ചിലാറ്റിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികളായ മീനച്ചിൽ വലിയതോട്, കൊല്ലപ്പള്ളിത്തോട്, പൊന്നഴുകും തോട്, ളാലം തോട്, പുലിയന്നൂർ തോട് തുടങ്ങിയവയിൽ ആഴം കൂട്ടുന്നതിനുള്ള പ്രവൃത്തികൾ എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി നടന്നുവരുന്നു. ഇവയിൽ കൊല്ലപ്പള്ളിത്തോട്, പൊന്നഴുകും തോട്, പുലിയന്നൂർ തോടിന്റെ ഒരു റീച്ച് എന്നിവയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പുലിയന്നൂർ തോടിന്റെ മറ്റൊരു റീച്ചിന്റെയും മീനച്ചിൽ വലിയ തോടിന്റെ ഒരു റീച്ചിന്റെയും പ്രവൃത്തിയുടെ കരാറിലേർപ്പെട്ടിട്ടുണ്ട്. മീനച്ചിൽ വലിയ തോടിന്റെ മറ്റൊരു റീച്ചിന്റെയും ളാലം തോടിന്റെയും പ്രവൃത്തിയുടെ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്.

കൂട്ടനാട്ടിലെ മടവീഴ്ച

161(5608) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടനാട്ടിലെ മംഗലം മാണിക്കമംഗലം കായൽ പാടശേഖരത്തിൽ രണ്ടാമതും മട വീണതുമൂലം കൃഷിയിറക്കാൻ കഴിയാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മടകുത്തുവാൻ അടിയന്തരമായി നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 13-5-2021-ലാണ് കൂട്ടനാട്ടിലെ മംഗലം മാണിക്കമംഗലം കായൽ പാടശേഖരത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് അവസാനമായി മടവീഴ്ച ഉണ്ടായത്. മടവീഴ്ച ഉണ്ടായ ഭാഗത്ത് 50 മീറ്റർ നീളത്തിൽ താല്കാലികമായി ബണ്ട് നിർമ്മിക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആലപ്പുഴ ജില്ലാ കളക്ടറിൽനിന്നും തുക അനുവദിച്ചുകിട്ടുന്നതിനായി 24-06-2021-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ഡി.ഡിവിഷൻ, മങ്കൊമ്പ് സമർപ്പിച്ചെങ്കിലും എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി തുക അനുവദിക്കാൻ സാധിക്കില്ലെന്നും,